
*1.*

# ദീപം





*2*

## ആമുഖം

നാൾക്കുനാൾ മുന്നോട്ട് കുതിച്ചുക്കൊണ്ടിരിക്കുന്ന പാഠ്യപദ്ധതിയാണ് ലിറ്റിൽ കൈറ്റ്സ്. കൊച്ചു പട്ടങ്ങളായ് ഐ.ടി രംഗത്ത് പറന്നുയരുന്നവരാണ് ലിറ്റിൽ കൈറ്റ്സ് കുട്ടികൾ.ഒൻപതാം ക്ലാസിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ ചേർന്ന് തയാറാക്കിയ ഈ മാഗസീൻ  ലിറ്റിൽ കൈറ്റ്സ് പഠനത്തിലൂടെ നല്ലരീതിയിൽ

തയാറാക്കാൻ കഴിഞ്ഞു എന്ന വിശ്വാസത്തോടെ നിങ്ങൾക്ക് മുന്നിൽ അവതരിപ്പിക്കുന്നു.സ്വീകരിച്ചാലും........

## മഹാകവി വള്ളത്തോളും മലയാളഭാഷയും

മലയാളഭാഷയേയും മലയാളദേശത്തേയും ഇത്രയേറേ സ്നേഹിച്ച ഒരു മലയാളി വള്ളത്തോളിനെപ്പോലെ മറ്റാരുണ്ട് ? ഭാഷാസേവനം ദേശസ്നേഹം തന്നെയെന്ന് ഉറച്ചുവിശ്വസിച്ച വള്ളത്തോൾ മലയാളഭാഷ നേരിടുന്ന അവഗണനയിൽ ഏറെ സന്തപിച്ചിരുന്നു. കേരളത്തിന്റെ സംസ്കാരവും പാരമ്പര്യവും നിർണയിക്കുന്നതിൽ മലയാളത്തിന് മുഖ്യപങ്കുണ്ട്. മലയാളഭാഷയ്ക്ക് അതിന്റെ രണ്ടായിരം വർഷത്തിലേറെ നീളുന്ന ചരിത്രകാലത്തെല്ലാം അവഗണനയുടെ കയ്പുനീർ കുടിക്കേണ്ടിവന്നിട്ടുണ്ട്. സ്വന്തം നാട്ടിൽ സ്വന്തം മക്കളാൽ അവഗണിക്കപ്പെടുന്ന ഒരു ഭാഷ മലയാളം പോലെ മറ്റൊന്ന് ലോകത്ത് ഒരിടത്തും കാണില്ല. മലയാളത്തിൽ എഴുതിപ്പോയതിന്റെ പേരിൽ കണ്ണശ്ശകവികളും പൂനവും പൂന്താനവും കുഞ്ചൻ നമ്പ്യാരും എഴുത്തച്ഛനും അപമാനം ഏൽക്കേണ്ടിവന്നതിന്റെ സൂചനകൾ അവരുടെ രചനകളിൽ കാണാം. മലയാളം ഒരു മ്ലേച്ഛ ഭാഷയായിട്ട് കരുതിയപണ്ഡിതന്മാരും കുറവല്ല.കോളനി ഭരണകാലത്ത് വിശേഷിച്ചും കേരളത്തിൽ അഭ്യസ്തവിദ്യരെന്ന് അഭിമാനിച്ചിരുന്നവർ ഭാഷയെ എല്ലാ രംഗത്തുനിന്നും ആട്ടിപ്പായിക്കാൻ യത്നിച്ചതിന് ചരിത്ര ലക്ഷ്യങ്ങളുണ്ട്. ബ്രിട്ടീഷ് ഇന്ത്യയുടെ ഔദ്യോഗികഭാഷ ഇംഗ്ലീഷായതോടുകൂടി ഇന്ത്യൻഭാഷകളെല്ലാം അവഗണിക്കപ്പെട്ടു. സ്വാതന്ത്ര്യാനന്തരകാലത്ത് നിയമനിർമ്മാണങ്ങളിലൂടെ ഇന്ത്യൻ ഭാഷകൾ സ്വത്വം വീണ്ടെടുക്കാനും വികസിക്കാനുമുള്ള സാഹചര്യങ്ങൾ സൃഷ്ടിച്ചപ്പോഴും മലയാളത്തിന്റെ ഗതി പണ്ടത്തേതിലും കഷ്ടമായി തുടർന്നു.

## 3.

ബ്രിട്ടീഷ് മേൽക്കോയ്മക്കെതിരെ രൂപപ്പെട്ട ദേശീയ പ്രസ്ഥാനത്തിന് ഉറച്ചപിന്തുണ നൽകി ദേശാഭിമാനപ്രോജ്വലങ്ങളായ കവിതകൾ രചിച്ച കവിയായിരുന്നു വള്ളത്തോൾ. ഏതു അടിമത്തത്തെക്കാളും തീക്ഷ്ണം മാനസികമായ അടിമത്തമാണെന്ന് വള്ളത്തോൾ കരുതി. മാനസിക അടിമത്തത്തിന്റെ ഉപോല്പന്നങ്ങളിലൊന്നാണ് മാതൃഭാഷാവഗണന. മാതൃഭാഷയെ അവഗണിക്കുന്നതിലൂടെ ഒരു സംസ്കാരത്തെ നശിപ്പിക്കുകയാണ് ചെയ്യുന്നത്. ഭാഷയോടുള്ള അദമ്യമായ സ്നേഹവും ആദരവുംകൊണ്ടാണ് കൊളോണിയൽ ഭരണകൂടം കല്പിച്ചുനൽകിയ പട്ടും വളയും

തിരസ്കരിക്കാനുള്ള  ധൈര്യം വള്ളത്തോൾ പ്രകടിപ്പിച്ചത്. നമ്മുടെ ഭാഷകവികളിൽ കുഞ്ഞുക്കുട്ടൻ തമ്പുരാനും കുഞ്ചൻ നമ്പ്യാരും  തികച്ചും  ഭാഷാഭിമാനികൾ തന്നെയായിരുന്നെങ്കിലും അതൊരു
വികാരമായി മനസ്സിൽ കൊണ്ടുനടന്നതും കിട്ടിയ സന്ദർഭങ്ങളിലെല്ലാം പ്രകടിപ്പിച്ചതും വള്ളത്തോളായിരുന്നു. സാഹിത്യപരിഷത്ത് സമ്മേളനങ്ങളിലും യുവാക്കളോടുള്ള സന്ദേശങ്ങളിലും പത്രാധിപക്കുറിപ്പുകളിലും വള്ളത്തോൾ ഭാഷാപഠനത്തിന്റെ പ്രാധാന്യവും അതുകൊണ്ട് ഉണ്ടാകാവുന്ന നേട്ടങ്ങളും എടുത്തുപറഞ്ഞിട്ടുണ്ട്. ഭക്തിയും വിഭക്തിയും എന്ന കവിതയിൽ നിറഞ്ഞുവഴിയുന്ന കൈരളി സ്നേഹം നിരുപമവും അവ്യാജസുന്ദരവുമാണ്.

ആയിരം സുസംസ്കൃത ശ്ലോകപുഷ്പങ്ങളാൽ ഗുരു-
വായു മന്ദിരേശനെപ്പൂജിച്ചു,വഴിപോലെ
ആയുരാരോഗ്യസൗഖ്യം  നേടിയ കവീന്ദ്രനാം
ശ്രീയുത നാരായണഭട്ടപാദരോടത്രേ

## കൈരളീമയമാകും തൻ കൃഷ്ണകർണ്ണാമൃതം

സാരമായ് സംശോധിപ്പാൻ സാദരമപേക്ഷിച്ചു
പൂന്തേനാം പലകാവ്യം കണ്ണനുനിവേദിച്ച
പൂന്താനം ജ്ഞാനപ്പാന പാടിയ പുംസ്കോകിലം

കൈരളീമയമായ  കാവ്യത്തെ പൂന്തേനായിട്ടാണ് കവി കാണുന്നത്. സംസകൃതഭാഷയുടെ ഓജസ്സിനെ അംഗീകരിക്കുന്നതോടൊപ്പം കൈരളിയുടെ സ്വത്വം ഉയർത്തിക്കാട്ടാൻ വള്ളത്തോളിനു കഴിഞ്ഞു. പണ്ടത്തെപ്പാട്ടുകളിലും  ആ കൈരളീഭക്തൻ കേട്ടത് ആരെയും കോൾമയിർക്കൊള്ളിക്കുന്ന കൈരളിയുടെ ശബ്ദസൗന്ദര്യമാണ്.

## *4.*

പാരാവാരസദൃശ്യം വള്ളത്തോളിന്റെ ഭാഷാസ്നേഹം അലയടിച്ചുയരുന്ന കവിതയാണ് എന്റെ ഭാഷ. മാകന്ദമഞ്ജരിയുടെ ഈണത്തിലൂടെ ആ കവിത ആലപിച്ചു  കേൾക്കുമ്പോഴുണ്ടാകുന്ന നിർവൃതി  മലയാളഭാഷാസംബന്ധിയായി പില്ക്കാലത്തുണ്ടായ കവിതകൾക്കൊന്നും നല്കാൻ കഴിയാത്തതാണ്.

അറബിക്കടലിന്റെ ഗാംഭീര്യവും സഹ്യപർവ്വതത്തിന്റെ  അടിയുറപ്പും ഗോകർണ്ണക്ഷേത്രത്തിന്റെ  നിവൃതികൃത്വവും ശ്രീകന്യാമാതിന്റെ പ്രസന്നതയും പേരാറിന്റെ വിശുദ്ധിയും ഇളംകരിക്കിന്റെ മാധുര്യവും സഹ്യനിരകളിലെ വ്യഞ്ജനങ്ങളുടെ  സുഗന്ധവും  സംസ്കൃതഭാഷയുടെ ഓജസ്സും തമിഴിന്റെ സൗന്ദര്യവും ഒത്തുചേർന്നുള്ള ഭാഷയാണ് മലയാളം. മലയാളികൾക്ക് 3. 3.

അഭിമാനിക്കാൻ  ഇതിൽക്കൂടുതലെന്തുവേണം. അമ്മിഞ്ഞപ്പാലോടൊപ്പം നാം മാതൃഭാഷാ ഉൾക്കൊള്ളുന്നു. ആരും പഠിപ്പിക്കാതെ കൈവരുന്നതാണ് ആ ഭാഷാസിദ്ധി. മനുഷ്യന്റെ പെറ്റമ്മ മാതൃഭാഷയാണ്.

മറ്റുള്ള ഭാഷകൾ കേവലം ധാത്രികൾ
മർത്തനു പെറ്റമ്മ തൻ ഭാഷതൻ
മാതാവിൻ വാത്സല്യദുഗ്ദ്ധം നുകർന്നാലെ
പൈതങ്ങൾ പൂർണ്ണ വളർച്ച നേടൂ.
അമ്മതാൻ തന്നെ പകർന്നുതരുമ്പോഴേ
നമ്മൾക്കമൃതുമമൃതായ്ത്തോന്നൂ.
ഏതൊരു വേദവുമേതൊരു ശാസ്ത്രവു-
മേതൊരു കാവ്യവുമേതൊരാൾക്കും
ഹൃത്തിൽപ്പതിയേണമെങ്കിൽ സ്വഭാഷതൻ
വക്ത്രത്തിൽ നിന്നു താൻ കേൾക്കവേണം.

ഈ തത്ത്വം അവഗണിച്ചതുകൊണ്ട്  നമുക്ക് എന്തുനേട്ടമുണ്ടായി ? അവനവന്റെ ദേശത്തിനും മാതൃഭാഷയ്ക്കും  സമ്പത്ത് വർദ്ധിപ്പിക്കാൻ ആവതെല്ലാം ചെയ്യണം. വികാരഭരിതമായി  ഇക്കാര്യങ്ങളെ കാവ്യമര്യാദയിൽ പ്രതിപാദിച്ചിട്ടുള്ള കാവ്യമാണ്  എന്റെ ഭാഷ. മാതൃഭാഷയെ  സ്നേഹിക്കാത്തവർക്ക് ആധിപത്യത്തിനും അർഹതയില്ല.

## ശാസ്ത്ര ക്വിസ്

1.ജീവശാസ്ത്രത്തിന്റെ പിതാവ്?
  -അരിസ്റ്റോട്ടിൽ



2.സസ്യശാസ്ത്രത്തിന്റെ പിതാവ്?
  -തിയോഫ്രാസ്റ്റസ്

3.ആപ്പിളിൽ കാണുന്ന ആസിഡ് ഏത്?
  -മാലിക് ആസിഡ്

4.കഞ്ചാവിന്റെ ശാസ്ത്രീയനാമം?
  -കനാവിസ്സ്റ്റയിവ

5.പൈൻമരത്തിൽ നിന്നും ലഭിക്കുന്ന ഒരു തൈലം ?

–ടർപന്റൈൻ

6.ഏറ്റവും വലിയ മുകുളമുള്ള സസ്യം?
–കാബേജ്

7. ജീനുകളിൽ അടങ്ങിയിരിക്കുന്ന ആസിഡ്?
–അമിനോ ആസിഡ്

8. ഏറ്റവും വലിയ വൈറസ്സിന്റെ വലുപ്പം?
–മൂന്ന് മൈക്രോൺ

## വിവരസാങ്കേതിക നിയമം *2000*

വിവരസാങ്കേതിക വിദ്യയുടെ ഉപയോഗം സുരക്ഷിതവും ഭദ്രവും ആക്കുവാനും നിയന്ത്രിക്കുവാനും വേണ്ടി ഇന്ത്യൻ പാർലമെന്റിൽ 2000–ൽ നടപ്പാക്കിയ നിയമമാണ് വിവരസാങ്കതിക നിയമം 2000.

സൈബർ കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവർക്ക് കർശനമായ നിയമനടപടികളും ശിക്ഷയും ഉറപ്പാക്കുന്ന നിയമങ്ങൾ ഇതിൽ വ്യവസ്ഥ ചെയ്തിരിക്കുന്നു. ഈ നിയമത്തിലെ 9–ാംഅധ്യായത്തിലും 11–ാം അധ്യായത്തിലും വ്യവസ്ഥ ചെയ്യുന്ന നിയമങ്ങൾ പ്രകാരം കുറ്റംചെയ്യുന്നവർക്ക്ചെയ്യുന്നത് 3 വർഷം വരെ കഠിനതടവും 2 ലക്ഷം രൂപ വരെ പിഴയും അതുമല്ലെങ്കിൽ ഇവയിൽ ഏതെങ്കിലുമൊന്ന് ശിക്ഷ വിധിക്കാം.

## *6.*

മറ്റൊരാളുടെ കമ്പ്യൂട്ടർ സംവിധാനത്തിലേയ്ക്കോ ഫയലിലേയ്ക്കോ പ്രോഗ്രാം വഴി അതിക്രമിച്ചു കയറി അത് തനിയെ മറ്റു ഫയലിലേയ്ക്കോ ശൃംഖലയിലുള്ള മറ്റു കമ്പ്യൂട്ടറുകളിലേയ്ക്കോ പ്രവേശിക്കുകയും അതിലുള്ള വിവരങ്ങൾ നശിപ്പിക്കുകയോ മാറ്റി മറിക്കുകയോ ചെയ്യുന്നത് ഈ നിയമത്തിൽ വ്യവസ്ഥ ചെയ്യുന്നതു പ്രകാരം 3 വർഷം വരെ കഠിനതടവോ 2 ലക്ഷം രൂപ വരെ പിഴയോ അല്ലങ്കിൽ ഇവ രണ്ടും കൂടിയോ ശിക്ഷ വിധിക്കാവുന്ന കുറ്റമാകുന്നു .

അശ്ലീലം കലർന്ന ഉള്ളടക്കം ഇലക്ട്രോണിക് മാധ്യമങ്ങളിലൂടെ പ്രസിദ്ധപ്പെടുത്തുകയും പ്രചരിപ്പിക്കുകയും ചെയ്യുന്നത് 3 വർഷം വരെ കഠിനതടവും 5 ലക്ഷം രൂപ വരെ പിഴയും ശിക്ഷ വിധിക്കാവുന്ന കുറ്റകൃത്യമാണ്.കുറ്റവാളി ഇത്തരത്തിലുള്ള കുറ്റകൃത്യത്തിലേർപ്പെടുന്നതു ആദ്യത്തെ തവണയാണെങ്കിൽ

മേൽപ്പറഞ്ഞ ശിക്ഷയും തുടർന്നും പ്രസ്തുത കുറ്റകൃത്യം ആവർത്തിക്കുകയാണെങ്കിൽ 5 വർഷം വരെ കഠിനതടവും 10 ലക്ഷം രൂപ വരെ പിഴയും എന്ന നിലയിലേക്ക് ശിക്ഷയുടെ പരിധി വർദ്ധിക്കുന്നതുമാണ്.

IT നിയമപ്രകാരമുള്ള കുറ്റകൃത്യം നടന്നിട്ടുണ്ടെന്ന് ഒരു പോലീസ് ഉദ്യോഗസ്ഥനോ സർക്കാർ അധികാരപ്പെടുത്തിയിട്ടുള്ള മറ്റേതെങ്കിലും ഉദ്യോഗസ്ഥനോ ന്യായമായ സംശയം തോന്നുന്ന പക്ഷം പ്രസ്തുത ഉദ്യോഗസ്ഥന് പൊതുസ്ഥലങ്ങളിൽ പ്രവേശിച്ച് കുറ്റവാളികൾക്കായി തിരച്ചിൽ നടത്തുന്നതിനും വാറന്റില്ലാതെ കുറ്റവാളികളെ അറസ്റ്റ് ചെയ്യുന്നതിനും നിയമം വ്യവസ്ഥ ചെയ്യുന്നു. രാജ്യത്തിന്റെ സുരക്ഷയും സാമ്പത്തികഭദ്രതയും പൊതുസംവിധാനങ്ങളും ഉറപ്പുവരുത്തുന്ന ഈ നിയമത്തിലെ 70–ാം വകുപ്പിൽപ്പറയുന്ന സുരക്ഷസംവിധാനങ്ങൾക്ക് ക്ഷതം സംഭവിക്കുന്ന രീതിയിലുള്ള  സൈബർ അതിക്രമങ്ങളും  സൈബർ ഭീകരാക്രമണങ്ങളും നടത്തി സമൂഹത്തിൽ ജനങ്ങൾക്ക് മരണമോ മരണത്തിനു കാരണമായേക്കാവുന്ന തരത്തിലുള്ള മാരകമായ മുറിവുകളോ , അടിയന്തിര സർവ്വീസുകൾ നശിപ്പിച്ച് ജനജീവിതം തന്നെ ദുഃസഹമാക്കുന്ന  തരത്തിലുള്ള കുറ്റകൃത്യങ്ങളോ ചെയ്യുന്നവർക്ക് ജീവപര്യന്തം ശിക്ഷ ഉറപ്പാക്കുന്ന നിയമങ്ങളും ഈ നിയമത്തിൽ  വ്യവസ്ഥ ചെയ്യുന്നു എന്നത് എടുത്തുപറയേണ്ടതാണ്.

–ആദിത്യ കണ്ണൻ

# കടൽ

സൂര്യന്റെ കരലാളനമേറ്റ–
തിനാലാവണം



കടലേ നിന്റെ
കണ്ണുകൾക്കിത്രമേൽ
തിളക്കമുണ്ടായത്

നീലവിരിച്ച തിരകളോ അതോ
സ്വർണ മണൽത്തരികളോ
നിന്റെ കളിത്തോഴി
ഓരോ നിമിഷങ്ങളിൽ
ഉയർന്ന ഗർജനമോ

അതോ
കുഞ്ഞലകളോ
നിന്റേ മനസ്സിന്റെ
കാവൽക്കാരൻ
എങ്കിലും കടലേ
നീയെന്തേ
നിന്റെ വേദനകളറിയുന്ന

വിങ്ങലുകൾ കേൾക്കുന്ന
നീ കരയുമ്പോൾ
വിങ്ങിപ്പോട്ടാറുള്ള
പാറക്കൂട്ടങ്ങളെ
അറിയാതെപോയത്.

## പൊതുവിജ്ഞാനം

1.ഇന്ത്യയിലെ ഏക വേലിയേറ്റ തുറമുഖം ഏതാണ്?
ഉ.കാണ്ട് ല
2.കേരളത്തിലെ ആദ്യ പോർച്ചുഗീസ് വൈസ്രോയി ആരാണ്?
ഉ.ഫ്രൻസിസ് ഡി അൽമേഡ
3.ശരീരത്തിൽ രക്തനിർമ്മിതിക്കിവശ്യമായ ജീവികം ഏതാണ്?
ഉ.വൈറ്റമിൻ ബി
4.പേസ്മേക്കറിൻ്റ പിതാവാര്?
ഉ.വിൽസൺ ഗ്രേറ്റ് ബാച്ച്
5.ഇന്ത്യയിലെ ഏറ്റവും വലിയ ദ്വിപസമൂഹമേതാണ്?

## 8.

ഉ.ആൻഡമാൻ നിക്കോബാർ
6.ഏറ്റവും ആദ്യം കണ്ടുപിടിക്കപ്പെട്ട ആസിഡ് ഏതാണ്?
ഉ.അസറ്റിക് ആസിഡ്
7.പഴങ്ങളുടെ രാജാവ് എന്നറിയപ്പെടുന്ന പഴമേത്?
ഉ.മാമ്പഴം
8.ജപ്പനിലെ നാണയമേത്?

ഉ.യെൻ
9.ശകവർഷ സ്ഥാപകനാര്?
ഉ.കനിഷ്കൻ
10.അദ്ധ്യാപക ദിനമെന്ന്?
ഉ.സെപ്റ്റംബർ 5
11.കേരളത്തിലെ ആദ്യ ദിനപത്രമേത്?
ഉ.രാജ്യസമാചാരം
12.അക്ബർ സ്ഥാപിച്ച മതമേത്?
ഉ.ദിൻ ഇലാഹി
13.ഇന്ത്യയിലെ ഏറ്റവും വലിയ നദിയേത്?
ഉ.ഗംഗ
14.ഒലിവർ ട്വിസ്റ്റ് രചിച്ചതാര്?

ഉ.ചാൾസ് ഡിക്കൻസ്
15.ബീജഗണിതത്തിന്റെ ഉപജ്ഞാതാവ്?
ഉ.ഫെർമ പിയറദെ

-ബിൻസ് കെ.എസ്



## നെല്ലിക്കോഴി

തണ്ണീർത്തടങ്ങളിലും പൊന്തക്കാട്ടിലും ചതുപ്പിലുമൊക്കെ ചുറ്റിപ്പറ്റി കഴിയുന്ന പക്ഷിയാണിത്. കൈതക്കൂട്ടത്തിലും കുളവാഴകൾക്കിടയിലും നെൽപ്പാടത്തും ഇവയെ കണ്ടുമുട്ടാൻ കഴിയും.

രാവിലെയും വൈകുന്നേരവുമാണ് ഇവയെ കാണാൻ പറ്റിയ സമയമാണ്. ചുവന്ന നെല്ലിക്കോഴിയുടെ ശാസ്ത്ര്നാമം porzana fusca എന്നാണ്.

## ഒന്നാനാം കുന്നിൻമേൽ

ഒന്നാനാം കുന്നിൻമേൽ
ഓരടിക്കുന്നിൻമേൽ
ഓരായിരം കിളി കൂടുവെച്ചു
കുട്ടിന്നിളംകിളി താമരപ്പൈങ്കിളി
താനിരുന്നാടുന്ന പൊന്നോല

## *10.*

## *G K QUESTIONS*

1. മേഘങ്ങൾ കാണപ്പെടുന്ന അന്തരീക്ഷപാളി ഏതാണ് ?

ANS:ട്രോപ്പോസ്ഫിയർ

2. 'നെലിക്കാംപെട്ടി' എന്നറിയപ്പെട്ടിരുന്ന കേരളത്തിലെ വന്യമൃഗസങ്കേതം ഏത് ?

ANS:പെരിയാർ

3. കേരളത്തിൽ ഏറ്റവും കുറവ് കടൽത്തിരമുള്ള ജില ഏത് ?

ANS:കൊലം

4. 'ഏകാന്തതയോളം നല കാന്തയില ' എന്നെഴുതിയ മലയാള കവി ആര് ?

ANS:കുഞ്ഞുണ്ണിമാഷ്

5. ആഗ്രാനഗരത്തിൻെ സ്ഥാപകൻ ആര്

ANS:സിക്കന്ദർ ലോധ

6. ലക്ഷക്കണക്കിന് ജൂതൻമ്മാരെ പീഡിപ്പിച്ചുകൊന്ന ഓഷ്വിറ്റ്സ്തടവറ ഏവിടെയാണ് ?

ANS:പോളണ്ട്

7: 'ചാവുകടൽച്ചുരുളുകൾ'ഏതു മതവുമായി ബന്ധപ്പെട്ടിരിക്കുന്നു ?

ANS:ജൂതമതം

8: ഒരു മണിക്കൂറിൽ, 4. മിനിറ്റ് സമയത്തിൽ ഹാഫ് മാരത്തൺ പൂർത്തിയാക്കി പുതിയ ലോകറേക്കോർഡ് കുറിച്ച വനിതാതാരം ?

ANS:കെനിയ

**11.**

9: ഈവർഷത്തെ ബിൽഗേറ്റസ് പുരസ്കാരത്തിനർഹനായതാര് ?

ANS:മോതീ

10 ഭൂമിയുടേതിനു സമാനമായ ദിനരാത്രങ്ങൾ ഉള്ള ഗ്രഹം ഏത് ?

ANS:ചൊവ്വ

11:ഏതു രാജാവിന്റെ ആക്രമണത്തേ തുടർന്നാണ് കേരളത്തിലേ മാമാങ്കച്ചാവേർ അവസാനിച്ചത് ?

ANS:ഹൈദരലി

12:പോളിയോ മെലിറ്റസ്  എന്ന പിത്തവാതരോഗം ശരീരത്തിൽ എവിടെയാണ് ബാതികുന്നത് ?

ANS:നാഡീവ്യൂഹം

13:ഹെലികോപ്ടർ രൂപകല്പനചെയ്തത് ആര് ?

ANS:ഇഗോർ സികോർസ്കി

14:ഏതു രാജവംശ കാലഘട്ടത്തിലാണ് ആന്ധ്രാ

അനന്തു രാജേഷ്



## അദ്വൈതം

ആത്മബോധം ഉദിക്കുന്നത്
ജ്വലിക്കുന്ന അഗ്നിനാളം പോലെയാണ്

ചിലപ്പോൾ.
പോട്ടുന്നനേ,
ഹൃദയതമസ്സിൽ തെളിഞ്ഞ്
തീക്ഷ്ണപ്രഭയോടെയുയർന്ന്
പിന്നെ,കുറച്ചിട
നിഷ്പന്ദമായി നിൽക്കുന്നു.
അതിന്റേ ച്ചൂടും വെളിച്ചവും
ആത്മാവിലും ജീവകോശങ്ങളിലും
പടർന്ന് നിറയുന്നു.
ചിലപ്പോഴത്
സൗമ്യമായി പെയ്യുന്ന പുലരിമഞ്ഞുപോലെ,
ചെറുകുളിരോടെ
ആകവേ പൊതിയുന്നു
ആർദ്രമായ സ്നേഹംപോലെ
ആത്മാവിൽ നിറഞ്ഞ്
പുതുകാഴ്ച്ചകളിലേക്ക്
സഹസ്രനയനങ്ങൾ വിടർത്തുന്നു.
ഇവയിലേതായിരിക്കും
ചെബഴന്തിയിലെ ഉണ്മ?
രണ്ടുമൊന്നും ചേർന്നതാവാം!
കാരണം,
ഗുരുദേവ് വചനങ്ങൾ
അത്രമേൽ നമ്മേ പൊള്ളിക്കുന്നു,
ഒപ്പം തണുപ്പിക്കുന്നു.

പ്രണയ ജാലകം

ചതുരജാലകത്തിനുള്ളിൽ

കരിമഷിക്കണ്ണു നീണ്ടു.
പഞ്ചാര മണൽകടന്നോ
കുളിർപ്പുഴനീന്തിയോപച്ചിലക്കാടുവകഞ്ഞോ?

13

എങ്ങനെയാണവൻ വരിക?
ഇടനെഞ്ചിലെ അഗ്നി
കുറുക്കിക്കുറുക്കി വിളക്കെരിച്ചവൾകാത്തുകാത്തിരുന്നു.
മണൽക്കാട്ടിൽ വിയർപ്പിൽ
പഞ്ചാരയുമ്മയൊളിപ്പിച്ച്
പ്രണയക്കുളിരിൽ സ്വപ്നം

നെയ്ത്ത് നെയ്ത്ത്
നെഞ്ചകം വെന്തുവെണ്ണീറാകുംമുമ്പെത്തണമെന്നു
പിടഞ്ഞുപിടഞ്ഞ് അവനെത്തി
അവളുടെ പ്രണയവിളക്കിലവൻ
തളിരിട്ടു മിന്നിമിന്നിത്തെളിഞ്ഞു.

## നാടൻ പാട്ടുകാരൻ

### -കലാഭവൻ മണി

ആരോരുമാവാത്ത കാലത്തു ഞാനെന്നു മോട്ടി നടന്നു വണ്ടി
എന്റെ കുടുംബത്തിൻ പട്ടിണിമാറ്റിയ ദൈവമാണോട്ടോ വണ്ടി
നൂറിന്റെ നോട്ടിനു രാപ്പകലില്ലാതെ നെട്ടോട്ടമോടിടുമ്പോൾ
കിക്കർ വലിച്ചെന്റെ കയ്യും നടുവും
തളർത്തിയൊരോട്ടോ വണ്ടി
എല്ലുമുറിയെ പണിയെടുത്തെന്റപ്പൻ കട്ടൻകുടി കാലം
പള്ള നിറയ്ക്കാൻ വഴിയില്ലാതെ നടന്നൊരു കുട്ടിക്കാലം
കഷ്ടപ്പാടു കണ്ടു ദൈവം തന്നെ വിധി മാറ്റിയെഴുതിയപ്പോൾ
കഷ്ടപ്പെടുന്ന മനസ്സുകൾ എന്നും തിരിച്ചറിയുന്നു ഞാൻ
എന്റെ നിറംപോൽ കറുത്തൊരു പാന്റും മുഷിഞ്ഞ ജുബ്ബായലക്കി ഓർത്തു
ഞാനിന്നും കരഞ്ഞുപോകും
തേച്ചാലും മാച്ചാലും ജീവചരിത്രം മനസ്സീന്നു മായുകില്ല
ഈ ചാലക്കുടിക്കാരൻ ചാലക്കുടി നാട്
വിട്ടെങ്ങും പോകുകില്ല

അഭിജിത്ത് ശിവൻ

## *14* ചരമക്കുറിപ്പിൽ ബഷീർ

'സുന്ദരമായ ഈ ഭൂഗോളത്തിൽ എനിക്കു അനുവദിച്ചുതന്ന സമയം പരിപൂർണ്ണമായി അവസാനിച്ചിരിക്കുന്നു. സമയം തീരെ ഇല്ല. അല്ലാഹുവിന്റെ ഖജനാവിൽ മാത്രമാണു സമയമുള്ളഒരിക്കലും ഒരിക്കലും അവസാനിക്കാത്ത സമയം....അനന്തം....അനന്തമായ സമയം..'
എന്റെ ചരമക്കുറിപ്പിൽ ബഷീർ പറഞ്ഞതായിരുന്നു ഇത്.

ഇതുവരെ ദിവസവും കിടക്കപ്പായിൽ നിന്ന് എണീക്കുമ്പോ-രാവിലെ എന്നൊന്നും പറയാൻ ഒക്കുകില്ല കേട്ടോഞാൻ പറയുമായിരുന്നു സലാം. സമയകാലങ്ങളുടെ അനന്തതയിൽ നിന്ന് ഒരു ദിവസം
കൂടി അനുവദിച്ച തന്നല്ലോ..നന്ദി
മരണം അടുത്തുവരുന്നുവെന്ന ഉൾവിളിയുണ്ടാകുമ്പോൾ ചിലർ ഇങ്ങനെയൊക്കെ പറഞ്ഞുപോകുമെന്നുതന്നെയല്ലേ അതിന്റെ സൈക്കോളജി?

## പൂച്ചക്കുട്ടി

ഓട്ടും ചാട്ടും തുള്ളിച്ചാട്ടും
മിട്ടുകുട്ടൻ പൂച്ചക്കുട്ടി
മിന്നിതിളങ്ങും കണ്ണും പൂടനിറഞ്ഞ
നീളൻവാല് കാണാൻ എന്തൊരു
ചേലാണ് നീളൻമീശേം പുപ്പലി
പോലെ ഓട്ടും നമ്മുടെ സ്വന്തം
മിട്ടു കുട്ടൻ
കാളിദാസ് പി.ആർ ക്ലാസ്:2

## ലേഖനം

ഇന്റർനെറ്റിൻെറ സ്വാധീനം ഈ കാലഘട്ടത്തിൽ

ഇന്ത്യ ഒരു വികസ്വര രാഷ്ട്രമാണെങ്കിലും സാങ്കേ-തീക മുന്നേറ്റത്തിൻെറ കാലഘട്ടത്തിനനുസരിച്ച് ഇന്ത്യ കുതിക്കുകയാണ്.അടുത്ത ദശാബ്ദങ്ങളിൽ ടെലി-ഫോൺ ഉപഗ്രഹചാനൽ എന്നിവക്കുശേഷം കടന്നുവ-ന്ന ഇൻററർനെറ്റ് എന്ന സാങ്കേതികതയെ വേഗത-യോട്ടും കരുതലോട്ടും ഇന്ത്യ സ്വീകരിച്ചു.



കമ്പ്യൂട്ടർ,ടെലിഫോൺ ഒപ്പം ഒരു ഇൻറ-ർനെറ്റ്കണക്ഷനുമായാൽ ലോകം തന്നെമുന്നിലെത്തുകയാണ്.ലോകത്ത് എമ്പാടുമുള്ള ലക്ഷക്കണക്കിന് ക-മ്പ്യൂട്ടർ ശൃംഖലകളിലെ വിജ്ഞാനശേഖരങ്ങളാണ് ഇൻററർനെറ്റ് വഴി ഓരോ വ്യക്തിക്കും ലഭിക്കുന്നത്.

പ്രശസ്ത ഡോക്ടർമാരുമായി രോഗകാര്യ-ങ്ങൾ ചർച്ച ചെയ്യാം.ലോകത്തിൻെറ വിവിധ കേന്ദ്ര-ങ്ങളിലുള്ള വ്യക്തികളുമായി സെമിനാർ സംഘടിപ്പി-ക്കാം തുടങ്ങിയ കാര്യങ്ങൾ ഇൻറർനെറ്റുകൊണ്ട് സാധിക്കുന്നു. വിദ്യാഭ്യാസം:കേരളത്തിലെ ഒരു വിദ്യാർത്ഥിക്ക് അ-ന്താരാഷ്ട്ര നിലവാരത്തിലുള്ള പഠനസൗകര്യം നൽകാൻ ഇൻറർനെറ്റ് വഴി സാധ്യമാകും.ദിനംപ്രതിമാറി വരുന്ന പുതിയ കണ്ടത്തലുകൾ,കമ്പ്യൂട്ടറർ ഭാഷകൾ എന്നുവേണ്ട മുന്നിട്ടു നിൽക്കുന്ന സാങ്കതീക വിദ്യകൾ കാലാവസ്ഥാ പഠനങ്ങൾ എന്നിവയും ഇന്റർനെറ്റുകൊണ്ട് സാധ്യമാകുന്നു.

വാർത്തകൾ – ലോകത്തെങ്ങുമുള്ള വായനശാലകളിൽനിന്നും ശേഖരിക്കാമെന്നപോലെ ഇന്റർനെറ്റ് വഴി പല പത്രങ്ങളും ഇന്ന് ലഭ്യമാണ്. മണിക്കൂർ ഇടവിട്ട് രാജ്യത്തെങ്ങുമുള്ള പത്രങ്ങൾ പുതിയ വാർത്തകൾഇലക്ട്രോണിക് പത്രത്തിൽ ചേർക്കുന്നു. രാവിലെ വീട്ടുകളിൽ പത്രമെത്തുന്നതിനു മുമ്പു തന്നെ ഇന്റർ നെറ്റിൽ അന്നത്തെ പത്രം ലഭ്യമാകുന്നു.

ഇന്ന് പല സർവകലാശാലകളും ഇന്റർനെറ്റ് വഴി കോഴ്സുകളും ആരംഭിച്ചു കഴിഞ്ഞു. സർവകലാശാലയുമായി ബന്ധപ്പെട്ട ഫീസ് അടച്ച് കോഴ്സിനു ചേർന്നാൽ ഒടുവിൽ പരീക്ഷ എഴുതിയാൽ മതി.ഇന്റർനെറ്റ വഴി അന്താരാഷ്ട്ര സംസ്കാരം പരസ്പരം മനസ്സിലാക്കാമെങ്കിലും നമ്മുടെ സംസ്കാരത്തെ വലിച്ചെറിയാനുള്ള ഒരു ആവേശം യുവ തലമുറക്ക് ഉണ്ടായി എന്നുള്ളതും വിസ്മരിച്ചുകൂടാ. ആതിഥ്യമര്യാദ ഇവയിൽ ഏറ്റവും പ്രധാനപ്പെട്ടതാകുന്നു. നമ്മുടെ വിവരശേഖരണം മുൻ കാലങ്ങളിലൂടെയാണ് ഉണ്ടായിട്ടുള്ളതെങ്കിൽ ഇന്ന് ആ ചിന്തകൾ തന്നെ വിദൂരമാണ്.ബന്ധങ്ങളുടെ അകൽച്ചയായിരിക്കാം ഇതിനു കാരണം. ഇന്റർ നെറ്റുപയോഗിച്ച് അന്താരാഷ്ട്ര മേഖലകളിൽ നാം ഓടിനടക്കുമ്പോഴും മാതൃത്വപരമായി ഓരോദേശത്തുമുള്ള സംസ്കാരത്തെ ഒരിക്കലും വിസ്മരിച്ചു കൂടാ.

*16*



## ലേഖനം

ജൈവവൈവിധ്യത്തിന്റെ വീഥിയിലൂടെ........

ഒരുനാടിന്റെ തന്നെ തിലകക്കുറിയായി വിളങ്ങുന്ന തിരുമാറാടി ഗവ. വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിലെ ഭൗതീകതയിലേക്ക് ഒരെത്തിനോട്ടം......

വടക്കേ അതിരിൽ റോഡിനോട്ടു ചേർന്നുനിൽക്കുന്ന മുളങ്കാടിന്റെ സംഗീതം കേട്ട് യാത്ര തുടങ്ങിയാൽ പേരമരത്തിലെ മധുരം നുണയാം. അവിടെ വരുന്ന കിളികളോടും അണ്ണാറക്കണ്ണനോടും കിന്നാരം പറയാം.!! അവിടുന്നങ്ങോട്ടു പൂക്കളുടെ സൗരഭ്യം നുകരാം. പിന്നീട് നെല്ലിക്കായുടെ ഇനിപ്പും ചവർപ്പും മധുരവും ആസ്വദിച്ച് ലങ്കാപുരിയിൽ സീതാദേവിക്ക് തണലേകിയ അശോക മരച്ചുവട്ടിൽ വിശ്രമിക്കാം.

മേടത്തിന്റെ സമ്പന്നത പകരുന്ന കണിക്കൊന്നയുടെ പീതാംബരച്ചുവട്ടിൽ ഒന്നു ആശ്വാസം കൊള്ളാം. അവിടുന്ന് ഇലഞ്ഞിപ്പൂവിന്റെ സൗരഭ്യം നുകർന്ന് പടർന്നു പന്തലിച്ച മഴമരച്ചുവടുകളിൽ സ്വസ്ഥമായിരുന്ന് കിനാവു കാണാം. –ഉറക്കം കെടുത്തുന്ന കിനാവുകൾ– തുടർന്നങ്ങോട്ട് കദളിവാഴക്കൈയിലിരുന്ന് വിരുന്നു വിളിക്കുന്ന പത്തുന്നൂറായിരം കാക്കകളുടെ കലമ്പലിനിടയിലൂടെ നമ്മുടെ പച്ചക്കറിത്തോട്ടത്തിലും മാവ്,പ്ളാവ്, റംബൂട്ടാൻ, സപ്പോർട്ട തുടങ്ങിയ ഫലവൃക്ഷച്ചുവടുകളിലും ഒന്നു ചുറ്റിയടിക്കാം. തുടർന്ന് ആമ്പൽക്കുളത്തിനരികിൽ സ്വന്തം ഛായ കണ്ട് നിർവൃതിയടയാം. ഇതിനൊക്കെപ്പുറമെ പുൽച്ചാടി മുതൽ പൂമ്പാറ്റ വരെയുള്ള ചെറുജീവികളെക്കണ്ട് സാഫല്യമടയാം.

ജൈവവൈവിധ്യം എന്നത് പ്രത്യേകമായി വേലികെട്ടിത്തിരിച്ച ഒരിടം എന്നതിനപ്പുറം School as a Whole എന്ന കാഴ്ചപ്പാടിൽ ഞങ്ങൾ വളർത്തിയെടുക്കുന്ന രാമച്ചം മുതൽ കപ്പളം വരെ വിളയുന്ന വിദ്യാലയാങ്കണം .... ഈനാടിന്റെ സരസ്വതീക്ഷേത്രം ജൈവവൈവിധ്യത്തിന്റെ നേർച്ചിത്രം............

സതി.കെ.തങ്കപ്പൻ